milma

Malabar Regional Co-operative Milk Producers' Union Ltd.
Head Office, Peringolam, Kunnamangalam, Kozhikode-673 571, Kerala

No:MRU:P&I:261:WPI:2024/766 27.02.2025

**സർക്കുലർ നമ്പർ 1038/2025**

**വിഷയം :-** **നിശ്ചിത പരിധിക്കു മുകളിൽ അന്തരീക്ഷ താപനില ഉയർന്നാൽ കറവ മൃഗങ്ങളിലുണ്ടാകുന്ന ഉല്പാദനക്കുറവ് മൂലമുള്ള സാമ്പത്തിക നഷ്ടം പരിഹരിക്കുന്നതിനായി ഇൻഷുറൻസ് പരിരക്ഷ നൽകുന്നത് സംബന്ധിച്ച്.**

**സൂചന :-** **27.02.2025 തീയ്യതിയിലെ മേഖലാ യൂണിയൻ ഭരണസമിതിയുടെ 2(P&I)/6-ാം നമ്പർ തീരുമാനം.**

നിശ്ചിത പരിധിക്കു മുകളിൽ അന്തരീക്ഷ താപനില ഉയർന്നാൽ കറവ മൃഗങ്ങളിലുണ്ടാകുന്ന ഉല്പാദനക്കുറവ് മൂലമുള്ള സാമ്പത്തിക നഷ്ടം പരിഹരിക്കുന്നതിനായുള്ള ഇൻഷുറൻസ് പദ്ധതി മലബാർ മേഖലാ യൂണിയൻ 01.03.2024 മുതൽ 30.04.2024 വരെ നടപ്പിലാക്കിയിരുന്നു. മലബാർ മേഖലാ യൂണിയന്റെ അംഗീകൃത ഇൻഷുറൻസ് ബ്രോക്കറായ എയിംസ് ഇൻഷുറൻസ് ബ്രോക്കേഴ്സ് മുഖേന കേന്ദ്ര സർക്കാർ ഉടമസ്ഥതയിലുള്ള ഇൻഷുറൻസ് കമ്പനിയായ അഗ്രികൾച്ചറൽ ഇൻഷൂറൻസ് കമ്പനി ഓഫ് ഇന്ത്യ ലിമിറ്റഡുമായി ചേർന്നാണ് ഇത്തവണയും പദ്ധതി നടപ്പിലാക്കുന്നത്. ക്ഷീര കർഷകരുടെ കന്നുകാലികൾക്ക് കാലാവസ്ഥ വ്യതിയാനം മൂലമുള്ള പാലുൽപ്പാദന കുറവു മൂലമുണ്ടാകുന്ന നഷ്ടപരിഹാരത്തിന് ഇത് ഒരു പരിധി വരെ സഹായകരമാകും എന്നതിനാൽ ഈ വേനൽക്കാലത്തും കർഷകർക്ക് ഗുണകരമാകുന്ന രീതിയിൽ **11.03.2025 മുതൽ 10.05.2025** വരെയുള്ള രണ്ട് മാസക്കാലയളവിലേയ്ക്ക് ഇൻഷൂറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് 27.02.2025 തീയ്യതിയിലെ മേഖലാ യൂണിയൻ ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്.

**പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ:**

1. പ്രസ്തുത ഇൻഷൂറൻസ് പദ്ധതിയിൽ മേഖലാ യൂണിയന്റെ അംഗസംഘങ്ങളിൽ പാൽ നൽകുന്ന ക്ഷീര കർഷകരെയായിരിക്കും പരിഗണിക്കുക. ഇപ്പോൾ കറവയിലുള്ള പശു/എരുമകളെ മാത്രമേ കർഷകന് പദ്ധതിയിൽ ചേർക്കാൻ സാധിക്കുകയുള്ളു. ഈ പദ്ധതിയിലേയ്ക്ക് ഇൻഷൂർ ചെയ്യുന്നതിന് **എല്ലാ ജില്ലയിലും പ്രീമിയം നിരക്ക് ഒരു പശു/എരുമയ്ക്ക് 170 രൂപയാണ്. ഇതിൽ 100 രൂപ മേഖലാ യൂണിയൻ വിഹിതമായിരിക്കും. ബാക്കി 70 രൂപ (ഇതിൽ ഒരു പങ്ക് സംഘങ്ങൾക്ക് വഹിക്കാവുന്നതാണ്) കർഷകൻ വഹിക്കേണ്ടതാണ്.**
2. ഈ പദ്ധതിയിൽ ഒരു കർഷകന് 10 കറവപ്പശുക്കൾ എന്ന് നിജപ്പെടുത്തി ഒരു പശു/എരുമയ്ക്ക് സബ്സിഡിയായി 100 രൂപ വീതം പരമാവധി ഒരു കർഷകന് 1000 രൂപ മേഖലാ യൂണിയൻ വഹിക്കുന്നതാണ്.
3. പോളിസി കാലയളവിൽ അതായത് **11.03.2025 മുതൽ 10.05.2025** വരെ താലൂക്ക് അടിസ്ഥാനത്തിൽ Threshold താപനിലയേക്കാൾ അധികം താപനിലയുള്ള ദിവസങ്ങളുടെ എണ്ണമാണ് നഷ്ട പരിഹാരത്തിനായി പരിഗണിക്കുക. പോളിസി കാലയളവിലുള്ള 61 ദിവസത്തിനുള്ളിൽ, കുറഞ്ഞത് ഏതെങ്കിലും 6 ദിവസമെങ്കിലും നിശ്ചയിച്ച താപനിലയേക്കാൾ അധികം താപനില രേഖപ്പെടുത്തിയാൽ മാത്രമേ ക്ലെയിം ലഭിക്കുകയുള്ളു.

4. നഷ്ട പരിഹാരത്തിനായി കർഷകർ പ്രത്യേക ക്ലെയിം ഫോറം സമർപ്പിക്കേണ്ട ആവശ്യമില്ല. പകരം അതാതു പ്രദേശത്തെ അന്തരീക്ഷ താപനില സാറ്റലൈറ്റ് വിവരശേഖരണ പ്രകാരം എടുത്ത് ഇൻഷുറൻസ് ആനുകൂല്യത്തിന് അർഹതയുണ്ട് എങ്കിൽ ആയത് ഇൻഷുറൻസ് കമ്പനി നൽകുന്നതാണ്. അന്തരീക്ഷ താപനില വിവര ശേഖരണത്തിനായി ഇൻഷൂറൻസ് കമ്പനി ERA5 Data ആണ് ഉപയോഗിക്കുന്നത്.
5. പ്രസ്തുത ഇൻഷൂറൻസ് പദ്ധതിയിൽ ചേരുവാൻ താത്പ്പര്യമുള്ള ക്ഷീര കർഷകരുടെയും, കറവ പശു/എരുമകളുടെ വിശദാംശങ്ങൾ ക്ഷീരസംഘങ്ങൾ മുഖേന ശേഖരിക്കുന്നതാണ്.
6. ഇൻഷുറൻസ് പദ്ധതി **11.03.2025** **മുതൽ** **10.05.2025** വരെയുള്ള രണ്ട് മാസക്കാലയളവിലേയ്ക്കാണ് നടപ്പിലാക്കുന്നത്.

താലൂക്ക് അടിസ്ഥാനത്തിൽ Threshold താപനിലയേക്കാൾ അധികം താപനിലയുള്ള ദിവസങ്ങളുടെ എണ്ണമാണ് നഷ്ട പരിഹാരത്തിനായി പരിഗണിക്കുക. ഈ ഇൻഷൂറൻസ് പദ്ധതിയിൽ പരമാവധി ഒരു പശു/എരുമയ്ക്ക് ലഭിക്കുന്ന ഇൻഷൂറൻസ് ആനുകൂല്യമായ 2000 രൂപ അടിസ്ഥാനമാക്കിയാണ് പ്രീമിയം തുക കണക്ക് കൂട്ടിയിരിക്കുന്നത്.

| | | | Days | | | | Payout | | | |
|---|---|---|---|---|---|---|---|---|---|---|
| **Taluk** | **Sum Insured** | **Threshold (in $^{0}$C)** | **Strike 1 in days>=** | **Strike 2 in days>=** | **Strike 3 in days>=** | **Exit>=** | **Strike 1 payout (in ₹)** | **Strike 2 payout (in ₹)** | **Strike 3 payout (in ₹)** | **Exit strike payout (in ₹)** |
| Alathur | 2000 | 39.0 | 6 | 9 | 12 | 30 | 200 | 400 | 800 | 2000 |
| Attappadi | 2000 | 35.5 | 6 | 9 | 12 | 30 | 200 | 400 | 800 | 2000 |
| Chittur | 2000 | 37.0 | 6 | 9 | 12 | 30 | 200 | 400 | 800 | 2000 |
| Mannarkad | 2000 | 35.7 | 6 | 9 | 12 | 30 | 200 | 400 | 800 | 2000 |
| Ottappalam | 2000 | 39.0 | 6 | 9 | 12 | 30 | 200 | 400 | 800 | 2000 |
| Palakkad | 2000 | 39.3 | 6 | 9 | 12 | 30 | 200 | 400 | 800 | 2000 |
| Pattambi | 2000 | 38.9 | 6 | 9 | 12 | 30 | 200 | 400 | 800 | 2000 |
| Tirur | 2000 | 36.9 | 6 | 9 | 12 | 30 | 200 | 400 | 800 | 2000 |
| Ernad | 2000 | 36.4 | 6 | 9 | 12 | 30 | 200 | 400 | 800 | 2000 |
| Kondotty | 2000 | 36.5 | 6 | 9 | 12 | 30 | 200 | 400 | 800 | 2000 |
| Tirurangadi | 2000 | 36.9 | 6 | 9 | 12 | 30 | 200 | 400 | 800 | 2000 |
| Perinthalmanna | 2000 | 37.3 | 6 | 9 | 12 | 30 | 200 | 400 | 800 | 2000 |
| Nilambur | 2000 | 33.7 | 6 | 9 | 12 | 30 | 200 | 400 | 800 | 2000 |
| Ponnani | 2000 | 36.4 | 6 | 9 | 12 | 30 | 200 | 400 | 800 | 2000 |
| Sulthanbathery | 2000 | 34.5 | 6 | 9 | 12 | 30 | 200 | 400 | 800 | 2000 |
| Vythiri | 2000 | 34.6 | 6 | 9 | 12 | 30 | 200 | 400 | 800 | 2000 |
| Mananthavady | 2000 | 33.8 | 6 | 9 | 12 | 30 | 200 | 400 | 800 | 2000 |
| Kozhikode | 2000 | 35.6 | 6 | 9 | 12 | 30 | 200 | 400 | 800 | 2000 |
| Quilandy | 2000 | 32.5 | 6 | 9 | 12 | 30 | 200 | 400 | 800 | 2000 |
| Vadakara | 2000 | 32.5 | 6 | 9 | 12 | 30 | 200 | 400 | 800 | 2000 |
| Thamarasserry | 2000 | 34.7 | 6 | 9 | 12 | 30 | 200 | 400 | 800 | 2000 |
| Kannur | 2000 | 34.2 | 6 | 9 | 12 | 30 | 200 | 400 | 800 | 2000 |
| Iritty | 2000 | 35.0 | 6 | 9 | 12 | 30 | 200 | 400 | 800 | 2000 |
| Payyannur | 2000 | 33.2 | 6 | 9 | 12 | 30 | 200 | 400 | 800 | 2000 |
| Taliaparamba | 2000 | 33.5 | 6 | 9 | 12 | 30 | 200 | 400 | 800 | 2000 |
| Thalasery | 2000 | 34.2 | 6 | 9 | 12 | 30 | 200 | 400 | 800 | 2000 |
| Hosdurg | 2000 | 32.0 | 6 | 9 | 12 | 30 | 200 | 400 | 800 | 2000 |
| Kasaragod | 2000 | 33.2 | 6 | 9 | 12 | 30 | 200 | 400 | 800 | 2000 |
| Manjeswaram | 2000 | 33.7 | 6 | 9 | 12 | 30 | 200 | 400 | 800 | 2000 |
| Vellarikundu | 2000 | 32.3 | 6 | 9 | 12 | 30 | 200 | 400 | 800 | 2000 |

നിശ്ചിത പരിധിക്കുമുകളിൽ അന്തരീക്ഷ താപനില ഉയർന്നാൽ ലഭിയ്ക്കുന്ന ഇൻഷൂറൻസ് ആനുകൂല്യം സംബന്ധിച്ച വിവരങ്ങളുടെ ക്രോഡീകരണം:

| ക്രമ നമ്പർ | ദിവസം | ലഭിക്കുന്ന തുക |
|---|---|---|
| 1 | 6 ദിവസവും 6 ദിവസത്തിന് മുകളിലും | 200 രൂപ |
| 2 | 9 ദിവസവും 9 ദിവസത്തിന് മുകളിലും | 400 രൂപ |
| 3 | 12 ദിവസവും 12 ദിവസത്തിന് മുകളിലും | 800 രൂപ |
| 4 | 30 ദിവസവും 30 ദിവസത്തിന് മുകളിലും | 2000 രൂപ |

**അപേക്ഷിക്കേണ്ട വിധം** : പ്രസ്തുത ഇൻഷൂറൻസ് പദ്ധതിയിൽ ചേരുവാൻ താൽപര്യമുള്ള കർഷകരുടെ വ്യക്തിഗത വിവരങ്ങളും, ഇൻഷൂർ ചെയ്യാൻ ഉദ്ദേശിക്കുന്ന പശുക്കളുടെ എണ്ണവും ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന (Excel sheet/Google sheet) ഫോർമാറ്റിൽ രേഖപ്പെടുത്തി, സംഘത്തിൽ പാലൊഴിക്കുന്നവരും ഈ പദ്ധതിയിൽ കർഷക വിഹിതം പ്രീമിയമായി നൽകി ചേരാൻ ആഗ്രഹിക്കുന്നവരുമായ കർഷകരുടെ വിശദാംശങ്ങൾ അടങ്ങിയ ലിസ്റ്റ് ഇ-മെയിൽ മുഖാന്തിരം അതാത് ജില്ല/യൂണിറ്റ് പി&ഐ മേധാവികൾക്ക് 05.03.2025 വൈകുന്നേരം 3 മണിയ്ക്ക് മുമ്പായി നൽകേണ്ടതാണ്. മേൽ വിവരങ്ങളുടെ "Google sheet" അതാത് പി&ഐ മേധാവികൾ ഇ-മേയിൽ മുഖാന്തിരം അന്നേ ദിവസം വൈകുന്നേരം 6 മണിയ്ക്കുള്ളിൽ സംഘങ്ങളുടെ ഡാറ്റ Consolidation സഹിതം ഹെഡ് ഓഫീസിലേയ്ക്ക് അയക്കേണ്ടതാണ്.

27/2/25

**മാനേജിംഗ് ഡയറക്ടർ**

MALABAR REGIONAL CO-OPERATIVE MILK PRODUCERS' UNION LTD. No. D 89 (D) H.O. Calicut

എല്ലാ അംഗസംഘങ്ങൾക്കും

പകർപ്പ് :
1. ജനറൽ മാനേജർ
2. ജില്ലാ പി&ഐ യൂണിറ്റ് മേധാവികൾ
3. പി&ഐ സബ് യൂണിറ്റ് മേധാവികൾ

} മേൽ നടപടികൾക്കായി

4. ഡിപ്പാർട്ട്മെന്റ് ഹെഡ്സ് - എച്ച്.ഒ.
5. സീനിയർ മാനേജർ, കോഴിക്കോട്/ പാലക്കാട് ഡെയറി
6. എല്ലാ ഡെയറി മാനേജർമാർക്കും മാനേജർ, എം.പി.എഫ്
7. പ്രിൻസിപ്പൽ എച്ച്.ആർ.ഡി.സി
8. ഡെയറി മാനേജർ, സി.പി.ഡി
9. പി.എസ്സ്. റ്റു എം.ഡി/ചെയർമാൻ/ജി.എം
11. അസിസ്റ്റന്റ് ഡയറക്ടർ (ഓഡിറ്റ്)
12. www.mrcmpu.com/E-Stock Files

} അറിവിലേയ്ക്കായി